**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2871** 13.03.2020-ലെ മറുപടിക്ക്

**'തോട്ടഭൂമിയുടെ വിൽപന'**

**ചോദ്യം**
**ശ്രീ. പി.ടി.എ.റഹീം**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് കേരള ഭൂപരിഷ്കരണ നിയമത്തിന് എതിരാണെന്ന് ഹൈക്കോടതി വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കോഴിക്കോട് ജില്ലയിലെ 2438 ഏക്കർ (987.27 ഹെക്ടർ) വരുന്ന കിനാലൂർ എസ്റ്റേറ്റ് മുറിച്ചുവിൽക്കുന്നത് നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ട് "One earth one life" എന്ന സംഘടന ഫയൽ ചെയ്ത WP(c) 28496/16 നമ്പർ റിട്ട് പെറ്റീഷനിൽ 27/02/2019-ലെ വിധിന്യായത്തിലാണ് തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് നിയമവിരുദ്ധമാണ് എന്ന് ബഹു.ഹൈക്കോടതി നിരീക്ഷിച്ചത്. |
| (ബി) | മുറിച്ചുവിൽപന നടത്തിയ തോട്ടഭൂമി തോട്ടഭൂമിയായിത്തന്നെ നിലനിർത്തി കൃഷി ചെയ്തുവരുന്ന കർഷകരുടെ വിഷയത്തിൽ എന്തെങ്കിലും ഇളവ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; | (ബി) | കേരള ഭൂപരിഷ്കരണ നിയമം, 81(1)(e)-വകുപ്പ് പ്രകാരം ഭൂപരിധിയിൽ ഒഴിവുനൽകുന്ന തോട്ടങ്ങൾ കൈമാറ്റം ചെയ്താലും തോട്ടമായി തന്നെ സംരക്ഷിച്ചുവരുന്ന കാലത്തോളം അപ്രകാരമുള്ള കേസുകളിൽ ഒഴിവ് തുടർന്നും നിലനിൽക്കുന്നതാണ്. |
| (സി) | തോട്ടഭൂമി മുറിച്ചുവാങ്ങി പരിപാലിച്ചു വരുന്ന കർഷകരുടെയും തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | തോട്ടഭൂമി മുറിച്ചുവാങ്ങി തോട്ടമായി തന്നെ പരിപാലിച്ചുപോരുന്ന കർഷകരുടെ കേസുകളിൽ ഒഴിവിന്റെ പരിരക്ഷ തുടർന്നും ലഭിക്കും. എന്നാൽ തോട്ടഭൂമി മുറിച്ചുവാങ്ങി ഒഴിവ് ലഭിച്ച ആവശ്യത്തിനല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുമ്പോൾ ആയത് തരംമാറ്റമായി കണക്കാക്കി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 87(1) വിശദീകരണം II പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപ്രകാരം ഒഴിവ് നഷ്ടപ്പെടുന്ന കേസുകളിൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(3) പ്രകാരം സർക്കാരിനുള്ള അധികാരം വിനിയോഗിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**